പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1164 06.06.2018 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ.കളിലെ കോഴ്സുകൾ

*ചോദ്യം* *ഉത്തരം*

ശ്രീ.പി.ടി.എ. റഹീം :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) പുതിയകാല തൊഴിൽ സാഹചര്യങ്ങളും സാദ്ധ്യതകളും പരിഗണിച്ച് ഐ.ടി.ഐ.കളിലെ കോഴ്സുകൾ പുനസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | | (എ) ഐ.ടി.ഐകളിൽ നിലവിലുള്ള കോഴ്സുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലാണ്(CTS) നടത്തപ്പെടുന്നത്. ഈ സ്കീമിനു കീഴിലുള്ള കോഴ്സുകളും ആയതിന്റെ സിലബസുകളും തയ്യാറാക്കുന്നതും, കാലോചിതമായി പരിഷ്കരിക്കുന്നതും ന്യൂഡൽഹിയിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്(NCVT) ആണ്. കോഴ്സുകൾ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് പരിഷ്കരിക്കുന്നത് അനുസരിച്ച് സംസ്ഥാനത്തെ ഐ.ടി.ഐകളിൽ കോഴ്സുകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.<br>കൂടാതെ കാലഹരണപ്പെട്ടതും, തൊഴിൽ സാധ്യത കുറഞ്ഞതുമായ കോഴ്സുകൾ നിർത്തലാക്കി പകരം നൂതനവും, തൊഴിൽ സാധ്യത കൂടിയതുമായ ട്രേഡുകൾ വകുപ്പിൽ ആരംഭിക്കുന്നതിന് കാലാകാലങ്ങളിൽ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) ആവശ്യമായ സ്ഥലസൗകര്യമുള്ള ഐ.ടി.ഐ..കളിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | | (ബി) ട്രേഡുകൾ ആരംഭിക്കുന്നതിന് ഡി.ജി.റ്റി. നിബന്ധനകൾ പ്രകാരമുള്ള സ്ഥല സൗകര്യം(തിയറി ക്ലാസ്സ് റൂം, വർക്ക്ഷോപ്പ്) എന്നിവ ലഭ്യമാകുന്ന പക്ഷം സാധ്യത പഠനം നടത്തി ഐടിഐ കളിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. |

| | | |
|---|---|---|
| (സി) ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | | (സി) ചാത്തമംഗലം ഐ.ടി.ഐയിൽ ഡ്രാഫ്റ്റ്സ്മാൻ/സിവിൽ, സർവ്വേയർ എന്നീ ട്രേഡുകളിലാണ് നിലവിൽ പരിശീലനം നൽകി വരുന്നത്. ടി ഐ.ടി.ഐയിൽ പുതുതായി ട്രേഡ് ആരംഭിക്കുന്നതിന് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

Bindu

സെക്ഷൻ ഓഫീസർ